ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 06.09.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

01) മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതി -പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi will launch Jal Sanchay Jan Bhagidari initiative at Surat in Gujarat today, through video conferencing.**

02) അലോപ്പതിക്ക് സമാനമായി ആയുഷ് കോഴ്സുകളിലും നാഷണൽ എക്സിറ്റ് പരീക്ഷ - നെക്സ്റ്റ് – നടപ്പാക്കുമെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ റാവു ജാദവ് .

**Union Minister for AYUSH Prataprao Jadhav has announced that the National Exit Test (NExT) for AYUSH will be effective from the 2021-2022 batch onwards**

03) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്കുള്ള നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള സമയപരിധി കേന്ദ്ര സർക്കാർ ഈ മാസം 30 വരെ നീട്ടി.

**The government has extended the deadline for submission of applications by selected meritorious students for the National Means-Cum-Merit Scholarship Scheme for 2024-25 till 30th of this month**

04) വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ 2022 ലെ റാങ്കിങ്ങിൽ കേരളം ഒന്നാമത് ; മന്ത്രി പി രാജീവ്,

കേന്ദ്രമന്ത്രി പിയൂഷ് ഗോയലിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

**Keralam ranked as the top performer by the Ministry of Commerce and Industry under the Business Reforms Action Plan for promoting ease of doing business; Minister P Rajeev received the award from Union Minister Piyush Goyal.**

05) ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ഇന്ന് അത്തം ; പ്രസിദ്ധമായ അത്തച്ചമയ ഘോഷയാത്രയ്ക്ക് തൃപ്പൂണിത്തുറ ഒരുങ്ങി.

**Today is Atham; This day marks the beginning of the Onam celebrations; Tripunithura is all set for the famous Athachamaya procession.**

06) പാരിസ് പാരാലിമ്പിക്സിൽ കാഴ്ചപരിമിതർക്കുള്ള ജൂഡോയിൽ വെങ്കലമെഡൽ നേടി ഇന്ത്യയുടെ കപിൽ പർമാർ. ഇന്നലെ നേടിയത് അഞ്ച് മെഡലുകൾ.

**At Paris Paralympics 2024, Kapil Parmar clinched a Bronze in Para Judo Men's J1 – 60 Kilograms event.**

*************************

## PM ARRIVES NEW DELHI

ബ്രൂണെ, സിംഗപ്പൂർ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. സിംഗപ്പൂരും ബ്രൂണെയുമായി വിവിധ കരാറുകളിൽ ഇന്ത്യ ഒപ്പു വച്ചു. ഇന്ത്യ - സിംഗപ്പൂർ സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് നാല് ധാരണാപത്രങ്ങളാണ് ഇന്നലെ കൈമാറിയത്.

*************************

## PM GUJRAT

മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതി പ്രധാനമന്ത്രി നരേന്ദ്രമോദി

ഇന്ന് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. പദ്ധതിയുടെ ഭാഗമായി ഗുജറാത്തിലുടനീളം ഏകദേശം 24,800 മഴവെള്ള സംഭരണികൾ നിർമിക്കും. ഇതിലൂടെ ദീർഘകാല ജല സുസ്ഥിരത ഉറപ്പാക്കുകയാണ് ലക്ഷ്യം. ഗുജറാത്ത് സർക്കാരും ജൽ ശക്തി മന്ത്രാലയവും സംയുക്തമായാണ് സംരംഭം നടപ്പാക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെയുള്ള ഗുജറാത്തിലെ മഴവെള്ള സംഭരണ പദ്ധതികൾ രാജ്യത്തിനുതന്നെ മാതൃകയായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

*************************

## NATIONAL EXIT EXAM-AYUSH

അലോപ്പതിക്ക് സമാനമായി ആയുഷ് കോഴ്സുകളിലും നാഷണൽ എക്സിറ്റ് പരീക്ഷ - നെക്സ്റ്റ് - നടപ്പാക്കാൻ തീരുമാനിച്ചതായി കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ റാവു ജാദവ് അറിയിച്ചു. 2021-22 ബിരുദ ബാച്ച് മുതലുള്ളവർക്കാകും ബാധകമാകുക. രാജ്യത്ത് ആയുഷ് മെഡിസിൻ പ്രാക്ടിസ് ചെയ്യാനുള്ള ലൈസൻസിനുള്ള രജിസ്ട്രേഷൻ, പി ജി പ്രവേശനം എന്നിവയ്ക്ക് നെക്സ്റ്റ് നിർബന്ധമാണ്. യു ജി കോഴ്സ് പൂർത്തിയാക്കി ഇൻറേൺഷിപ്പിന് ശേഷമാണ് നെക്സ്റ്റ് എഴുതേണ്ടത്.

*************************

## GOVT - SCHOLARSHIP SCHEME

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് 2024-25 വർഷത്തെ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള സമയപരിധി കേന്ദ്ര സർക്കാർ ഈ മാസം 30 വരെ നീട്ടി. എട്ടാം ക്ലാസിനുശേഷം കൊഴിഞ്ഞുപോക്ക് തടയുന്നതിനും 12-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ വർഷവും ഒരു ലക്ഷം പുതിയ സ്കോളർഷിപ്പുകൾ ,പദ്ധതിവഴി നൽകുന്നു. ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം 12,000 രൂപയാണ് ലഭിക്കുന്നത്.

*************************

## KERALA – FIRST RANKING.. INTRO

വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ 2022 ലെ റാങ്കിങ്ങിൽ കേരളം ഒന്നാമത്. ഡൽഹിയിൽ ഇന്നലെ കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയലാണ് പ്രഖ്യാപനം നടത്തിയത്. **വിശദാംശങ്ങളിലേക്ക്....**

(വോയ്സ്)

*വ്യവസായ സംരംഭക പ്രക്രിയ കാര്യക്ഷമമാക്കാൻ ശ്രദ്ധേയ പരിഷ്കാരങ്ങൾ കേരളം, ആന്ധ്രാപ്രദേശ്, ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങൾ നടത്തിയെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. നാല് വിഭാഗങ്ങളിൽ 95 ശതമാനത്തിനുമുകളിൽ മാർക്ക് നേടിയ സംസ്ഥാനങ്ങളാണ് ഒന്നാംനിരയിലുള്ളവയായി വലയിരുത്തപ്പെടുന്നത്. സംസ്ഥാന വ്യവസായ മന്ത്രിമാരുടെ സമ്മേളനമായ ഉദ്യോഗ് സമാഗമത്തിൽ കേരളത്തിനുവേണ്ടി മന്ത്രി രാജീവ് കേന്ദ്രമന്ത്രിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി. വ്യവസായ സംരംഭത്തിന് ഏകജാലക ക്ലിയറൻസ്, ഓൺലൈൻ സർട്ടിഫിക്കേഷൻ, നികുതിയടവ്, യൂട്ടിലിറ്റി സർട്ടിഫിക്കേഷൻ തുടങ്ങി ഒമ്പത് ഇനങ്ങളിൽ സംസ്ഥാനം ഒന്നാമതെത്തി. ന്യൂസ് ഡസ്ക് ആകാശവാണി...*

*************************

## CHOUHAN – FLOOD

ആന്ധ്രാപ്രദേശിലെ വെള്ളപ്പൊക്കത്തിൽ പ്രാഥമിക കണക്കുകൾ പ്രകാരം 1.8 ലക്ഷം ഹെക്ടറിലെ വിളകൾ നശിച്ചതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. രണ്ട് ലക്ഷത്തോളം കർഷകരെ വെള്ളപ്പൊക്ക ദുരന്തം ബാധിച്ചു. ദുരന്തം നേരിടുന്ന ആന്ധ്ര, തെലങ്കാന സംസ്ഥാനങ്ങൾക്ക് എല്ലാ സഹായവും നല്കുമെന്നും കൃഷി മന്ത്രി ഉറപ്പുനൽകി.

*************************

## GOVT - INSURANCE COMPANY

ആന്ധ്രാപ്രദേശിലെയും തെലങ്കാനയിലെയും മഴക്കെടുതി കണക്കിലെടുത്ത്, ദുരിതബാധിതർക്ക് പൂർണ്ണ പിന്തുണ നൽകാൻ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾക്ക് ധനമന്ത്രാലയം നിർദ്ദേശം നൽകി. പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചും ക്ലെയിം പ്രക്രിയകൾ ലഘൂകരിച്ചും നടപടികൾ അതിവേഗം പൂർത്തിയാക്കാൻ മന്ത്രാലയം നിർദേശിച്ചു.

*************************

## BJP-STAR CAMPAIGNERS

ജമ്മു കശ്മീരിലെ രണ്ടാം ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനായി 40 താര പ്രചാരകരെ ഭാരതീയ ജനതാ പാർട്ടി പ്രഖ്യാപിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവരാണ് അവരിൽ പ്രമുഖർ. 90 അംഗ ജമ്മു കശ്മീർ നിയമസഭയിലേക്ക് മൂന്നു ഘട്ടമായാണ് തെരഞ്ഞെടുപ്പ്.

*************************

## NADDA-BIHAR

രണ്ടുദിവസത്തെ സന്ദർശനത്തിനായി ബി.ജെ.പി അധ്യക്ഷനും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രിയുമായ ജെ.പി നഡ്ഡ ഇന്ന് ബിഹാറിലെത്തും. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി അദ്ദേഹം ബിജെപി നേതാക്കളുമായും പാർട്ടി പ്രവർത്തകരുമായും പട്നയിൽ കൂടിക്കാഴ്ച നടത്തും. ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാറുമായും കൂടിക്കാഴ്ച നടത്തും.

*************************

## ATHAM

ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ഇന്ന് അത്തം. പ്രസിദ്ധമായ അത്തച്ചമയ ഘോഷയാത്രയ്ക്ക് തൃപ്പൂണിത്തുറ ഒരുങ്ങി. കൊച്ചി രാജാവ് തൃപ്പൂണിത്തുറയിൽ നിന്ന് തൃക്കാക്കര ക്ഷേത്രത്തിലെ ഓണാഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് പുറപ്പെട്ടിരുന്നതിനെ അനുസ്മരിച്ചാണ് അത്തം ഘോഷയാത്ര നടത്തുന്നത്. അത്തം നഗറായ തൃപ്പൂണിത്തുറ ഗവൺമെൻറ് ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ രാവിലെ മന്ത്രി പി രാജീവ് പതാക ഉയർത്തും. അത്തം ഘോഷയാത്ര സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്യും. തൃപ്പൂണിത്തുറയിൽ രാവിലെ മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

*************************

## ONAM-MARKET CONSUMERFED

സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് ഓണം വിപണി മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. മഞ്ഞ കാർഡ് ഉടമകൾക്കുള്ള ഓണക്കിറ്റ് തിങ്കളാഴ്ച മുതൽ വിതരണം ചെയ്യും. കുടുംബശ്രീ ഓണച്ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് ചൊവ്വാഴ്ച പത്തനംതിട്ടയിൽ നിർവഹിക്കും.

*************************

## SUSPENSION

പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായിരുന്ന എസ് സുജിത് ദാസിനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തു. സുജിത് ദാസിനെതിരായ ആരോപണങ്ങളെക്കുറിച്ച് ഡി ഐ ജി അജിത ബീഗം അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിരുന്നു. പി വി അൻവർ എം എൽ എ യുടെ പരാതിയിൽ സുജിത് ദാസിനെ നേരത്തെ സ്ഥലം മാറ്റിയിരുന്നെങ്കിലും ചുമതല നൽകിയിരുന്നില്ല.

*************************

## GOVERNOR - SPARSH

പ്രതിരോധ പെൻഷൻകാർക്കായുള്ള സ്പർശ് ഔട്ട്റീച്ച് പ്രോഗ്രാം തിരുവന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിൽ ഇന്ന് നടക്കും. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയാകും.

************************

## RAIN

കണ്ണൂർ , കാസർഗോഡ് ജില്ലകളിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇന്ന് മിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിലുള്ള കാറ്റിനും സാധ്യതയുണ്ട്. കോഴിക്കോട്, മലപ്പുറം, വയനാട്, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിലും മഴ ലഭിക്കും. ഞായറാഴ്ചയ്ക്ക് ശേഷം കേരളത്തിൽ മഴ ശക്തമാകാനിടയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

************************

## PARALYMPICS

പാരിസ് പാരാലിമ്പിക്സിൽ ഇന്നലെ കാഴ്ചപരിമിതർക്കുള്ള ജൂഡോയിൽ ഇന്ത്യയുടെ കപിൽ പർമാർ വെങ്കല മെഡൽ നേടി. പാരാജൂഡോയിൽ ഇന്ത്യയുടെ ആദ്യ പാരാലിമ്പിക്സ് മെഡലാണിത്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ കപിലിനെ അഭിനന്ദനം അറിയിച്ചു. ഇന്ന് പുരുഷന്മാരുടെ ജാവലിൻ ത്രോ, ഹൈജമ്പ്, ഷോട്പുട്ട്, വനിതകളുടെ പവർലിഫ്റ്റിംഗ്, ജാവലിൻ ത്രോ എന്നിവയിലെ ഫൈനൽ മത്സരങ്ങളിൽ മെഡൽ ലക്ഷ്യമിട്ട് ഇന്ത്യൻ താരങ്ങൾ കളത്തിലിറങ്ങും. പാരാലിമ്പിക്സിൽ നിലവിൽ 25 മെഡലുകളുമായി ഇന്ത്യ 16 ആം സ്ഥാനത്താണ്.

************************

## US OPEN

യു.എസ് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസിൽ ബെലാറസിന്റെ അര്യന സബലെങ്ക ഫൈനലിൽ കടന്നു . ഇന്ന് രാവിലെ നടന്ന സെമി ഫൈനലിൽ അമേരിക്കൻ താരം എമ്മ നവാരോയെ നേരിട്ടുള്ള സെറ്റുകൾക്കാണ് പരാജയപ്പെടുത്തിയത്.

************************

## UKRAINE-NEW FOREIGN MINISTER

യുക്രൈനിൽ ആൻഡ്രി സിബിഹ രാജ്യത്തിന്റെ പുതിയ വിദേശകാര്യ മന്ത്രിയാകും. യുക്രൈൻ പാർലമെന്റിൽ ഇതുസംബന്ധിച്ച് വോട്ടെടുപ്പ് നടന്നു. ഹാജരായ 315 സഭാംഗങ്ങളിൽ 258 പേർ 49 കാരിയായ ആൻഡ്രി സിബിഹയെ പിന്തുണച്ചു. രാജ്യത്തിന് പുതിയ ഊർജ്ജം നൽകാനാണ് മന്ത്രിസഭയിൽ അഴിച്ചുപണി നടത്തിയതെന്ന് യുക്രൈൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി പറഞ്ഞു.

*************************

## 3RD ALLOT MENT

എൻജിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലേക്കുള്ള മൂന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവർ ഞായറാഴ്ച വൈകിട്ട് മൂന്നിന് മുന്പ് അതതു കോളജുകളിൽ പ്രവേശനം നേടണം.

*************************

## NMC – CBME CURRICULAM

എംബിബിഎസ് പാഠ്യപദ്ധതിയുടെ പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ ദേശീയ മെഡിക്കൽ കമ്മീഷൻ പിൻവലിച്ചു. കഴിഞ്ഞ മാസം 31ന് ഇറക്കിയ കോംപിറ്റൻസി ബേസ്ഡ് മെഡിക്കൽ എഡ്യുക്കേഷൻ മാർഗ്ഗനിർദ്ദേശങ്ങളാണ് പിൻവലിച്ചത്. മാർഗനിർദേശങ്ങൾ പരിഷ്കരിച്ച് യഥാസമയം പുറത്തിറക്കുമെന്നും അറിയിപ്പിൽ പറയുന്നു.

*************************

## R G KAR DOCTORS SUSPENSION

കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളേജിൽ പിജി ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസുമായി ബന്ധപ്പെട്ട് രണ്ടു ഡോക്ടർമാരെ പശ്ചിമബംഗാൾ സർക്കാർ

സസ്പെൻഡ് ചെയ്തു. ബിരൂപാക്ഷ ബിശ്വാസ്, അവിക് ഡെ എന്നിവർക്കെതിരെയാണ് നടപടി. ജൂനിയർ ഡോക്ടർമാർ ആഴ്ചകളായി തുടരുന്ന സമരത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി.

*************************

## KSRTC – PENSION

കെ എസ് ആർ ടി സിയിൽ ഓഗസ്റ്റിലെ പെൻഷൻ വിതരണം തുടങ്ങി. 42,180 പേർക്ക് നൽകാനുള്ള 69.78 കോടി രൂപയുടെ ജില്ല തിരിച്ചുള്ള പട്ടികയും പെൻഷൻ ജീവനക്കാരുടെ സൊസൈറ്റി ലിസ്റ്റും സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറി.

*************************

## SHIVAJI STATUE COLLAPSE

മഹാരാഷ്ട്രയിൽ ശിവജി പ്രതിമ തകർന്നതുമായി ബന്ധപ്പെട്ട് ശിൽപി ജയദീപ് ആപ്റ്റെയെയും സ്ട്രക്ചറൽ കൺസൾട്ടന്റ് ചേതൻ പാട്ടീലിനെയും പൊലീസ് അറസ്റ്റു ചെയ്തു. കോടതി ഇവരെ ഈ മാസം പത്തുവരെ പോലീസ് കസ്റ്റഡിയിൽ വിട്ടു.

*************************

## ANTICIPATORY BAIL

പീഡന പരാതിയിൽ, നടൻ മുകേഷ്, ഇടവേള ബാബു എന്നിവർക്ക് എറണാകുളം പ്രിൻസിപ്പൽ സെക്ഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. ആലുവ സ്വദേശിനിയായ നടിയാണ് പരാതിക്കാരി.

*******************************************************************************

*************************************************